**KRWSA മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ സാമ്പത്തിക പുരോഗതി അവലോകനം ചെയ്യുന്നതിന് വേണ്ടി എക്സിക്യൂട്ടീവ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 13-03-2024 തീയതിയിൽ നടന്ന ഓൺലൈൻ യോഗത്തിന്റെ തീരുമാനങ്ങൾ**

**സ്ഥലം :PMU ഓഫീസ് , തിരുവനന്തപുരം**

**പങ്കെടുത്തവർ :PMU, RPMU ഉദ്യോഗസ്ഥർ**

**സമയം :3.30 പി.എം.**

KRWSA നടപ്പിലാക്കുന്ന വിവിധ പ്ലാൻ പദ്ധതികളുടെ 13-03-2024 തീയതി വരെ RPMU തലത്തിൽ നടപടിക്രമം പൂർത്തീകരിച്ചിട്ടുള്ളതും, പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നതുമായ ബില്ലുകളുടെ സ്റ്റാറ്റസ് എക്സിക്യൂട്ടീവ് ഡയറക്ടർ അവലോകനം ചെയ്തു. റീജിണൽ പ്രൊജെക്റ്റ് മാനേജ്മെന്റ് യൂണിറ്റുകൾ നിലവിലെ പുരോഗതി താഴെ പറയും പ്രകാരം റിപ്പോർട്ട് ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു:-

| ക്രമ നം. | ചർച്ച ചെയ്ത വിഷയങ്ങൾ | തീരുമാനങ്ങൾ |
|---|---|---|
| 1 | **സുസ്ഥിരതാ പദ്ധതി**<br><br>**RPMU ഇടുക്കി –**<br><br>2,75,48,367/- രൂപയുടെ ബില്ലുകൾ നടപടിക്രമം പൂർത്തീകരിച്ചതായും<br><br>31,87,325/- രൂപയുടെ ബില്ലുകളുടെ നടപടിക്രമം പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നു എന്നും, 23,00,000/- രൂപയുടെ പൂർത്തീകരിച്ച വർക്കുകളുടെ പാർട്ട് ബിൽ മാർച്ച് മാസം 20നു മുൻപ് സെറ്റിൽ ചെയ്യാനാകും എന്നും AO അറിയിച്ചു .<br><br>**ആകെ 3,30,35,692/- രൂപയുടെ ബില്ലുകൾ സെറ്റിൽ ചെയ്യാനാകും.**<br><br>**RPMUകണ്ണൂർ -**<br><br>1,62,30,370/- രൂപയുടെ ബില്ലുകൾ നടപടിക്രമം പൂർത്തീകരിച്ചതായും<br><br>86,01,080/- രൂപയുടെ ബില്ലുകളുടെ നടപടിക്രമം പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നു എന്നും, 1,22,51,096/- രൂപയുടെ പൂർത്തീകരിച്ച വർക്ക്കളുടെ പാർട്ട് ബിൽ മാർച്ച് മാസം 20നു മുൻപ് ലഭ്യമാക്കി സെറ്റിൽ ചെയ്യാനാകും എന്നും RPD അറിയിച്ചു.<br><br>**ആകെ 3,70,82,546/- രൂപയുടെ ബില്ലുകൾ സെറ്റിൽ ചെയ്യാനാകും.**<br><br>**RPMU മലപ്പുറം -**<br><br>38,73,459 രൂപയുടെ ബില്ലുകൾ ഉടൻ സെറ്റിൽ ചെയ്യാവുന്നതാണ് എന്നും ബാക്കി തുകയുടെ | നടപടിക്രമം പൂർത്തീകരിച്ചിട്ടുള്ള ബില്ലുകൾ സെറ്റിൽ ചെയ്യുന്നതിനുള്ള ഫണ്ട് ആവശ്യപ്പെട്ടുള്ള അപേക്ഷ മാർച്ച് മാസം 14 നു തന്നെ PMU-ലേക്ക് നൽകാനും, process ചെയ്തു കൊണ്ടിരിക്കുന്ന ബില്ലുകൾ അടിയന്തിരമായി പൂർത്തിയാക്കി ആയതിന്റെ ഫണ്ട് റിക്വസ്റ്റ് നടപടിക്രമം പൂർത്തീകരിച്ച് 18-03-2024 നു മുൻപായി PMU-വിലേക്ക് സമർപ്പിക്കാനും എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചു. പരിഗണനയിലുള്ള ബില്ലുകളിൽ ഗുണഭോക്തൃ വിഹിതം ലഭിച്ചതിന്റെ പൂർണ വിവരങ്ങൾ ലഭ്യമാക്കുവാൻ നിർദ്ദേശിച്ചു.<br><br>നടപടി ക്രമം പൂർത്തീകരിച്ചതും പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നതുമായ ബില്ലുകൾ പാർട്ട് ബിൽ ആണെങ്കിൽ പ്രസ്തുത വർക്കിന്റെ ഫൈനൽ ബിൽ |

| | | |
|---|---|---|
| | കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിച്ചു വരുകയാണെന്നും RPD അറിയിച്ചു.<br><br>BG contribution ആനുപാതികമായി collect ചെയ്യുന്നതിലുള്ള കുറവും, എഗ്രിമെന്റ് അടക്കമുള്ള ഡോക്യുമെന്റ്സ് സ്വീകരിച്ചു പരിശോധിക്കുന്നതിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നതുമാണ് ബില്ലുകൾ സമയബന്ധിതമായി പരിശോധിച്ചു നടപടിക്രമം പൂർത്തിയാക്കാൻ കഴിയാത്തതിനു കാരണമായി RPD അറിയിച്ചത്. | സെറ്റിൽ ചെയ്യുന്നതിന് മുൻപ് തന്നെ BG contribution പൂർണ്ണമായും collect ചെയ്തുകൊള്ളാം എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് undertaking എഴുതി വാങ്ങി ബില്ലുകൾ സെറ്റിൽ ചെയ്യാവുന്നതാണ്. ഇപ്രകാരം പാർട്ട് ബിൽ സെറ്റിൽ ചെയ്യുമ്പോൾ ആകെ തുകയുടെ 1/3 തുകയെങ്കിലും അവശേഷിക്കുന്ന വിധത്തിലായിരിക്കണം ബിൽ സെറ്റിൽ ചെയ്യേണ്ടത്. എന്നാൽ നടപടിക്രമം പൂർത്തീകരിച്ച ഫൈനൽ ബില്ലുകൾ BG contribution പൂർണ്ണമായും collect ചെയ്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. BG contribution collect ചെയ്യുന്നതിൽ RPMU ഉദ്യോഗസ്ഥർ ഗുരുതരമായ വീഴ്ചകൾ വരുത്തിയതായി യോഗം വിലയിരുത്തി. payment ഫയലിൽ ഉൾപ്പെടുത്തേണ്ട അനുബന്ധ രേഖകൾ ഏത് ഉദ്യോഗസ്ഥനാണ് നൽകേണ്ടത്, ആരാണ് verify ചെയ്യേണ്ടത് എന്നുള്ള വിവരവും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടെ പേര് വിവരവും 15-03-2024 ന് മുൻപായി RPD സമർപ്പിക്കണമെന്ന് ED നിർദ്ദേശിച്ചു. ഇക്കാര്യത്തിൽ KRWSA യുടെ implementation guideline കർശനമായി പാലിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചു. മലപ്പുറം RPMU വിനു മാത്രമായി മാർച്ച് 15, 4.00 pm ന് അവലോകന യോഗം നടത്താൻ എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചു.<br><br>3 ആർ.പി.എം.യു. കളിലും നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ സുസ്ഥിരതാ പദ്ധതിയിലെ സ്കീമുകൾക്ക് ലഭിക്കേണ്ടതും ഇതുവരെ ലഭിച്ചതുമായ ഗുണഭോക്തൃ വിഹിതം സംബന്ധിച്ച് സ്കീം തിരിച്ചുള്ള സ്റ്റാറ്റസ് 16-03-2024 നുള്ളിൽ PMU വിൽ സമർപ്പിക്കണമെന്ന് ആർ.പി.ഡി.മാർക്ക് എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശം നൽകി. |
| 2. | **<u>മഴവെള്ള സംഭരണവും, ഭൂജല പരിപോഷണവും.</u>**<br><br>കണ്ണൂർ, മലപ്പുറം, ഇടുക്കി ആർ.പി.എം.യു കൾ അനുവദിച്ച തുക പൂർണ്ണമായും ചെലവഴിച്ചതായി അറിയിച്ചു. | മഴവെള്ള സംഭരണം ഭൂജല പരിപോഷണം ശീർഷകത്തിൽ ഇനിയും ലഭിക്കാനുള്ള തുക സർക്കാരിൽ നിന്നും ആവശ്യപ്പെടുവാൻ തീരുമാനിച്ചു. |

| | | |
|---|---|---|
| 3 | **ഗാർഹിക കിണറുകളെ സുസ്ഥിര സ്രോതസ്സുകളാക്കുന്ന പദ്ധതി**<br><br>കണ്ണൂർ ആർ.പി.എം.യു.- 2023-24-ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ ഭാഗമായി 6,00,000/- രൂപയുടെ ബിൽ മാർച്ച് 21-നകം പൂർത്തീകരിക്കാനാകും എന്ന് MT അറിയിച്ചു<br><br>മലപ്പുറം, ഇടുക്കി ആർ.പി.എം.യു. കളിൽ മാർച്ച് മാസത്തിനുള്ളിൽ claim ചെയ്യാവുന്ന വിധം പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന് MT മാർ അറിയിച്ചു . | വർക്ക് അവാർഡ് ചെയ്തിട്ടുള്ള കോൺട്രാക്ടർമാരുമായി RPMU തലത്തിൽ follow up നടക്കാത്തതാണ് സമയബന്ധിതമായി വർക്ക് പൂർത്തീകരിച്ചു ബില്ലുകൾ ലഭിക്കാത്തത് എന്ന് യോഗം വിലയിരുത്തി. 2022-23 ലെ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കഴിയാത്ത ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ മലപ്പുറം, ഇടുക്കി RPMU കളിൽ നിന്നും നൽകേണ്ടതാണെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചു. അതോടൊപ്പം ഫണ്ട് re-appropriation നു ആവശ്യമായ നടപടികൾ സ്വീകരിക്കാനും നിർദ്ദേശിച്ചു |
| 4 | **ജലഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ഫിൽറ്റർ യൂണിറ്റുകളുടെ സ്ഥാപനം , മലിന ജല സംസ്കരണം. (Grey water)**<br><br>പൂർത്തീകരിച്ച ബില്ലുകൾ<br><br>കണ്ണൂർ : 60,30,249/- രൂപ<br><br>ഇടുക്കി : 11,06,958/- രൂപ | ഈ ഇനത്തിലുള്ള ഫണ്ട് ലഭ്യമായാൽ ഉടനടി അത് ചെലവഴിക്കുവാൻ നിർദ്ദേശിച്ചു. |
| 6 | **IEC & R&D** വിഭാഗത്തിൽ ഉൾപ്പെടുത്തി RPMU കൾക്ക് നൽകിയിട്ടുള്ള ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച്. | IEC & R&D - ചെലവഴിച്ച തുകയുടെ UC 14-03-2024-നകം RPMU-കൾ സമർപ്പിക്കണം.<br><br>R&D യുടെ അടുത്ത installment നുള്ള ഫണ്ട് റിക്വസ്റ്റ് Government-ലേക്ക് സമർപ്പിക്കാൻ യോഗം നിർദ്ദേശിച്ചു. |
| 7 | **മലപ്പുറം RPMU-** പല്ലശ്ശന പഞ്ചായത്തിലെ 5 സ്കീമുകൾ ഏറ്റെടുത്തു നടപ്പിലാക്കുന്നത് സംബന്ധിച്ച് :<br><br>JJM പദ്ധതി നടപ്പിലാക്കുന്നതിനാൽ ഈ സ്കീമുകൾ സുസ്ഥിരതാ പദ്ധതിയിൽ ഏറ്റെടുക്കേണ്ടതുണ്ടോ എന്ന RPD യുടെ ആവശ്യം യോഗം ചർച്ച ചെയ്തു. | ഇക്കാര്യം സർക്കാരിലേക്ക് അറിയിച്ച് അനുമതി വങ്ങേണ്ടി വരുമെന്ന് ED അറിയിച്ചു.<br><br>എന്നാൽ ഇത്തരത്തിലുള്ള വിഷയങ്ങൾ RPMU തലത്തിൽ തന്നെ സമഗ്രമായി വിലയിരുത്തി RPMU വിന്റെ ശിപാർശയും കൂടി ഉൾപ്പെടുത്തിയ Report PMU വിലേക്ക് നൽകേണ്ടതാണ്. പല്ലശ്ശന യുടെ വിഷയത്തിൽ അത്തരത്തിലുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കാൻ ED നിർദ്ദേശിച്ചു. |

അടുത്ത അവലോകന യോഗം 16-03-2024, 03.30 pm ന് നടത്തുവാൻ തീരുമാനിച്ചു.

യോഗം 5.15 പി.എം. ന് അവസാനിച്ചു.

14/03/24

എക്സിക്യൂട്ടീവ് ഡയറക്ടർ